അടയാളം, അടയാളം

നന്മയ്ക്കായോരടയാളം

കാണും നാമോരടയാളം

നന്മയ്ക്കായതു നിശ്ചയമേ

അടയാ..1

ദുരിതം, യാതന, വേദന, ശാപം

പാപം, രോഗവുമാധികളും

ബാധകൾ, പീഡകൾ, എതിരുകൾ, കയ്പിൻ

നീരു കുടിച്ചു വലഞ്ഞവരേ

അടയാ..1

പാപമകറ്റും കുഞ്ഞാടിൻ നിണ–

മണിയും വാതിൽ പാളികൾ തൻ

ഉൾമുറി വാസം കൊള്ളും മാനവർ

രക്ഷിതർ സംഹാരകനിന്നും

അടയാ..1

ഹന്നാ നേടിയൊരടയാളം

വന്ധ്യയതാകിലുമർത്ഥനയാൽ

കരഞ്ഞു പകർന്നവൾ ഹൃദയം നൊന്തവൾ

നേടീ ശമുവേൽ ബാലകനെ

അടയാ..1

ആലയമദ്ധ്യേ നടമാടുന്നൊരു

മ്ലേച്ഛതയോർത്തിട്ടഴലോടെ

ചുടുനെടുവീർപ്പാൽ കരയും മനുജർ–

ക്കഖിലവുമേകുമൊരടയാളം

അടയാ...1

തിരുമുറിവുകളിൽ നിന്നും പകരും

രുധിരം പാപിക്കഭയമതാം

പരിശുദ്ധാത്മ കൃപയിൻ മുദ്രയ–

തേൽക്കുമതല്ലോ സൗഭാഗ്യം

അടയാ….1

അടയാളം മമമുദ്രയതായി–

ട്ടണിയാൻ ഭാഗ്യമതുണ്ടെങ്കിൽ

തൊടരുതിവനെയെന്നെൻ നാഥൻ

കൃപയാൽ ശക്തം കൽപ്പിക്കും

അടയാ…..1

മദ്ധ്യാകാശേ മേഘത്തേരിൽ

കർത്തൻ വീണ്ടും വരുമല്ലോ

ഇന്നടയാളം നേടും ശുദ്ധർ

അന്നെത്തീടും തിരുസവിധേ

അടയാ….2

കാണും….,

അടയാ…..1